## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 586 | 28.09.2011 - ൽ മറുപടിക്ക് |

### മരുന്നുകളുടെ വില നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ബെന്നിബെഹനാൻ:<br>ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ശ്രീ. അൻവർ സാദത്ത്: | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | മരുന്നുകളുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | മരുന്ന് വില നിയന്ത്രിക്കുന്നതിനായി കാൻസർ, യൂറോളജി, ഹൃദ്രോഗം, തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ വിദഗ്ദ്ധ ഡോക്ടർമാരുടെ ഒരു സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരെയും വൻകിട കുത്തകക്കാരെയും ഒഴിവാക്കി മരുന്ന് വിതരണം സുതാര്യവും നീതിപൂർവ്വവുമാക്കാനുള്ള നടപടികൾ സ്വികരിച്ചു വരുന്നു. |
| (ബി) | മരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ എന്നിവയുടെ മൊത്ത ചില്ലറ വില്പനകൾ മെഡിക്കൽ കോർപ്പറേഷനെ ഏല്പിക്കുമോ; | (ബി) | നിലവിൽ മരുന്നുകളും, ശസ്ത്രക്രിയാ ഉപകരണങ്ങളും ആശുപത്രികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് വിതരണം ചെയ്യുന്നത്. |
| (സി) | എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ; | (സി) | ബാധകമല്ല. |
| (ഡി) | സംസ്ഥാനത്തുടനീളം മരുന്നു വില്പനശാലകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ